(2) 1991-ലെ കേരള അഗ്രിക്കൾച്ചറിസ്റ്റ്സ് ഡെറ്റ് റിലീഫ് (ഭേദഗതി) ബിൽ

ശ്രീ. സി. കെ. ചന്ദ്രപ്പൻ: 1991-ലെ കേരള അഗ്രിക്കൾച്ചറിസ്റ്റ്സ് ഡെറ്റ് റിലീഫ് (ഭേദഗതി) ബിൽ സർവ്വശ്രീ പി. പി. തങ്കച്ചൻ, എം. എം. ഹസ്സൻ, കെ. പി. നൂറുദ്ദീൻ, കെ. ബാബു, എ. വി. അബ്ദുറഹിമാൻ ഹാജി, മാത്യു സ്റ്റീഫൻ, സി. എഫ്. തോമസ്, ടി. കെ. രാമകൃഷ്ണൻ, കെ. കൃഷ്ണൻകുട്ടി, വി. കെ. ബാബു, ടി. നാണുമാസ്റ്റർ, കൃഷ്ണൻ കണിയാം പറമ്പിൽ, സി. കെ. ചന്ദ്രപ്പൻ, ഡോ. കെ. സി. ജോസഫ് എന്നിവരടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. 1970-ൽ നിയമസഭ പാസ്സാക്കിയ കടാശ്വാസ നിയമം കേരളത്തിലെ കർഷകർക്ക് ഒരുപാട് ആശ്വാസം പകർന്നതാണ്. ആ നിയമത്തിനു ശേഷം ഒരുപാട് വർഷങ്ങൾ കടന്നുപോയി. നമ്മുടെ കാർഷിക മേഖല അപാരമായ തകർച്ച നേരിട്ട ഒരു കാലഘട്ടമായിരുന്നു അത്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും കൃഷിച്ചെലവ് വർദ്ധനയും കർഷകരുടെ കട ബാദ്ധ്യത വർദ്ധിപ്പിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ 1970-ലെ നിയമം റിവൈവ് ചെയ്യണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. അന്ന് 8000 രൂപ അഗ്രിക്കൾച്ചറൽ ഇൻകം ഉണ്ടായിരുന്നവർക്കായിരുന്നു കടാശ്വാസം പ്രഖ്യാപിച്ചത്. ഇന്ന് രൂപയുടെ മൂല്യം കുറഞ്ഞ സാഹചര്യത്തിൽ അത് 12,000 രൂപയായി മാറണമെന്നുള്ളതാണ് ഒരു പോംവഴി. ഒരു കാർഷിക കടാശ്വാസ ബിൽ ഉണ്ടാകുന്നതോടൊപ്പം തന്നെ കടത്തിന്റെ പരിധി നിർണ്ണയിക്കുമ്പോൾ 8000 രൂപ വരുമാനമെന്നുള്ളത് 12,000 രൂപയാക്കി വർദ്ധിപ്പിക്കണം. അതുപോലെ കൃഷിക്കാർ അവരുടെ സ്വർണ്ണാഭരണങ്ങളും, വെങ്കല പാത്രങ്ങളും, കൃഷി ആയുധങ്ങളുമെല്ലാം പണയം വച്ചിട്ടാണ് കൃഷി ചെയ്യുന്നതിനുവേണ്ടി കടം വാങ്ങിയിട്ടുള്ളത്. അതുകൊണ്ട് ആ സാധനങ്ങൾ അവർക്ക് റിലീസ് ചെയ്തുകിട്ടുന്നതിനുള്ള ഒരു വകുപ്പു കൂടി ഈ ബില്ലിൽ ഉൾക്കൊള്ളിക്കണം. കടാശ്വാസ നിയമം പാസ്സാക്കണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉള്ളടക്കം.

അത് ഈ നിയമസഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച പൂർത്തിയായില്ല)

(3) 1992.ലെ പ്രൊഹിബിഷൻ ഓഫ് സ്മോക്കിംഗ് ടുബാക്കോ ബിൽ

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, 1992 ലെ പ്രൊഹിബിഷൻ ഓഫ് സ്മോക്കിംഗ് ടുബാക്കോ ബിൽ പിന്നീട് നിശ്ചയിക്കുന്ന പേരുകൂടി അടങ്ങിയ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. സെലക്ട് കമ്മിറ്റിയെന്നു പറയുമ്പോൾ, ബഹുമാനപ്പെട്ട ചീഫ് വിപ്പും പ്രതിപക്ഷ ചീഫ് വിപ്പും അങ്ങയോട് കൺസൾട്ട് ചെയ്തിട്ട് എല്ലാവരുടെയും സമ്മതത്തോടുകൂടി സെലക്ട് കമ്മിറ്റിയാക്കണം. പുകവലി ഹാനികരമാണെന്ന് പുകവലിക്കുന്നവർക്കറിയാം. പക്ഷെ അതിലവർ അടിമപ്പെട്ടുപോയി. അവർക്ക് അതിൽനിന്നും മാറാൻ കഴിയുകയില്ല. എന്നാൽ അവർ വലിക്കുന്ന പുക സത്യത്തിൽ മറ്റുള്ളവർ വഹിക്കാൻ ഇടയാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly